പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 2691

19-07-2011 ൽ മറുപടിക്ക്

## ഭൂമി രജിസ്ട്രേഷൻ നടപടിക്രമങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി. കെ.എസ്. സലീഖ:<br>ശ്രീ. കെ. സുരേഷ് കുറുപ്പ്:<br>,, പുരുഷൻ കടലുണ്ടി:<br>,, എ.എം. ആരിഫ്: | ശ്രീ. ടി.എം. ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് ഭൂമി രജിസ്ട്രേഷൻ നടത്തുന്നതിനുള്ള നിലവിലെ സംവിധാനത്തിൽ എന്തെങ്കിലും മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ; | (എ) ഉണ്ട്. രജിസ്ട്രേഷൻ പ്രക്രിയ ക്രമേണ ഓൺലൈൻ ആക്കുന്ന കാര്യം പരിശോധിക്കുന്നുണ്ട്. ഭൂമി രജിസ്ട്രേഷൻ സംബന്ധമായ നടപടികളിൽ ഓൺലൈനായി ചെയ്യുവാൻ കഴിയുന്ന ഘടകങ്ങൾ പ്രാവർത്തികമാക്കുന്നതിലേക്കുള്ള പരീക്ഷണപ്രവർത്തനങ്ങൾ പൈലറ്റ് പദ്ധതിയായി തിരുവനന്തപുരം ജില്ലയിലെ പട്ടം സബ് രജിസ്ട്രാർ ഓഫീസിൽ നടന്നു വരുന്നു. |
| (ബി) നിലവിലുള്ള സംവിധാനത്തിലെ ഏതെല്ലാം നടപടി ക്രമങ്ങളിലാണ് മാറ്റം ആവശ്യമുണ്ടെന്ന് കണ്ടെത്തിയിട്ടുള്ളത്; ഇതിനുള്ള കാരണങ്ങൾ വ്യക്തമാക്കാമോ; | (ബി) പരീക്ഷണാടിസ്ഥാനത്തിൽ തിരുവനന്തപുരം പട്ടം സബ് രജിസ്ട്രാർ ആഫീസിൽ ഓൺലൈൻ രജിസ്ട്രേഷൻ സംബന്ധിച്ച നടപടികൾ പുരോഗമിച്ചുവരുന്നു. ഈ നടപടി പൂർത്തിയായാൽ മാത്രമേ നടപടി ക്രമങ്ങളിലെ മാറ്റം വ്യക്തമാകുകയുള്ളൂ. |
| (സി) നിർദ്ദേശിക്കപ്പെട്ട മാറ്റങ്ങൾ ആധാരം എഴുത്തുകാരെ, എപ്രകാരം ബാധിക്കുമെന്ന് പരിശോധിച്ചിട്ടുണ്ടോ? | (സി) പരിശോധിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ